# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5 — 28.01.2019-ന് മറുപടിയ്ക്ക്

### ആംഗ്ലോ ഇന്ത്യൻ ജനപ്രതിനിധികളുടെ ഫണ്ട്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജോൺ ഫെർണാണ്ടസ് :** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ എം.എൽ.എ.യുടെയും എം.പി.യുടെയും ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം തുക സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയൽ പൊതുഭരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത ഫയലിന്റെ നമ്പർ എത്രയെന്നും ഇതിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ? | (ബി) ആസ്തി വികസന ഫണ്ട് ഏതെങ്കിലും പ്രത്യേക ജാതി/മത/സമൂഹത്തിന്റെ ക്ഷേമത്തിന് മാത്രമായി വിനിയോഗിക്കാൻ കഴിയില്ല. എന്നാൽ സ.ഉ(അച്ചടി) നം. 63/2017/ധന തീയതി 12.05.2017, സ.ഉ(അച്ചടി) നം. 75/2017/ധന പ്രകാരം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒരു എയ്ഡഡ് സ്കൂളിൽ ടോയ് ലെറ്റും പാചകപ്പുരയും നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും പരമാവധി 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. കൂടാതെ 18.08.2017 ലെ സ.ഉ(അച്ചടി) നം. 109/2017/ ധന പ്രകാരം എയ്ഡഡ് സ്കൂളുകൾക്കായുള്ള ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാനും ഉത്തരവായിട്ടുണ്ട്. |

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് വിഭാഗത്തിൽപ്പെട്ട ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത ഉത്തരവുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

Bindu.T

സെക്ഷൻ ഓഫീസർ